# M.J.S.S.A. വാർഷിക പരീക്ഷ 2018

**Class XII** **Answerkey** **Marks -100**

**Note :** (ചോദ്യപ്പേപ്പർ, പാഠപുസ്തകം, ഉത്തര സൂചിക എന്നിവയുമായി ഒത്ത് നോക്കണം)

**ഒറ്റവാക്കിൽ ഉത്തരം എഴുതുക** **15x1 = 15**

1. എപ്പിസ്ക്കോപ്പന്മാർ 2. മോർ യാക്കോബ് 3. എഫേസ്യർ 4. വി.ബേസിൽ 5. സമാധാനം 6. അത്താനാസിയോസ് 7. കർത്താവ് 8. കുർബ്ബാന 9. വിശ്വാസം 10. വി.മർക്കോസ് 11. കുടുംബം 12. വി.ഗ്രന്ഥം 13. ക്രിസ്തു 14. മോർ അപ്രേം 15. വി.ലൂക്കോസ്

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **15x2 = 30**

16. കർത്താവായ യേശുമ്ശിഹായുടെ മനുഷ്യാവതാര കാലത്ത് അദ്ദേഹത്തെ അനുഗമിച്ചവരായ ശിഷ്യന്മാർ കാണുകയും കേൾക്കുകയും അനുഭവിച്ചറിയുകയും ചെയ്ത കർത്താവിന്റെ പദ രൂപത്തിൽ അവതരിപ്പിച്ച പുസ്തകം (പേജ് 7/1 ലാസ്റ്റ്)
17. അനുതാപത്തിലേയ്ക്ക് നയിക്കുന്നു. ആത്മീയമായി ശുദ്ധീകരിക്കുന്നതിനും, പൈശാചിക പ്രലോഭനങ്ങളിൽ നിന്ന് വിജയം നൽകുന്നതിനും (പേജ് 117/2)
18. ഗിരിപ്രഭാഷണം, ദൗത്യപ്രഖ്യാപനം, ഉപമകൾ, പൊതു തത്വങ്ങൾ, അന്ത്യപ്രഭാഷണം (പേജ് 13/3)
19. സഭ എന്നത് ജീവനുള്ളവരുടേയും വാങ്ങിപ്പോയവരുടേയും ഇനി വരുവാനിരിക്കുന്നവരുടേയും സമൂഹമാണ്. (പേജ് 116/1)
20. പഴയനിയമ പ്രവാചകന്മാരേയും, പുതിയനിയമ സഭയേയും കൂട്ടിയിണക്കുന്ന കണ്ണിയായിട്ട് (പേജ് 14/3)
21. കാര്യങ്ങളെ അതിന്റെ യഥാർത്ഥ അവസ്ഥയിൽ അനുവാചകരിൽ എത്തിച്ചുകൊണ്ട്. നേതാക്കളിലും അഭിനേതാക്കളിലും കൃത്രിമത്വം കലർന്നാൽ അത് സമൂഹത്തെ പ്രതികൂലമായി ബാധിക്കും.(പേജ് 105/3)
22. ജോലി ചെയ്യുവാൻ കഴിവില്ലാത്തവന് മാത്രം. (പേജ് 26/2)
23. സ്നേഹിക്കാനും, സന്താനങ്ങൾക്ക് ജന്മം നൽകുവാനും അതിലൂടെ ക്രിസ്തു സ്നേഹത്തിന്റെ സജീവ സാക്ഷികളാകുവാനും (പേജ് 93/2)
24. സ്വർഗ്ഗസ്ഥനായ പിതാവിന്റെ സ്ഥാനം, അവകാശപ്പെടുന്ന ഒരു ഭൗമീക പിതാവോ, ക്രിസ്തുവിന്റെ സ്ഥാനം അവകാശപ്പെടുന്ന യജമാനനോ, ഗുരുവോ, ഇടയനോ ഉണ്ടാകുവാൻ പാടില്ല. (പേജ് 21/2)
25. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ സംബന്ധിച്ചുള്ള വിശദീകരണവും ദൈവത്വത്തിൽ താൻ പിതാവിനോട് തുല്ല്യനാണെന്ന പ്രഖ്യാപനവും (പേജ് 33/2)
26. അറിയുക, അറിയിക്കുക, ആഹ്ളാദിപ്പിക്കുക, പഠിപ്പിക്കുക സംഭവങ്ങളുടെ വിശദാംശങ്ങൾ നൽകുക, ബോധവത്കരിക്കുക. (പേജ് 96/3)
27. കരകാണാത്ത കടലിന്റെ വ്യാപ്തിയോട് (പേജ് 71)
28. ദൈവീക കൃപകൾ പ്രാപിച്ച് ഓരോ വിശ്വാസിയും ദൈവത്തോടടുക്കുന്നു. (പേജ് 115/2)
29. പറുദീസായുടെ ചുറ്റുമുള്ള വേലിയും ചുറ്റിത്തിരിയുന്ന വാളും നീക്കപ്പെട്ടു. (പേജ് 42/2)
30. ആദിമ സഭയുടെ ആരാധനാ പാരമ്പര്യങ്ങളും, വിശ്വാസ സത്യങ്ങളും, അന്ത്യോഖ്യായിലെ വിശ്വാസ സമൂഹം നില നിർത്തിപ്പോന്നു. പരിശുദ്ധ സുറിയാനി സഭ ഈ വിശ്വാസ പാരമ്പര്യം നിലനിർത്തുന്നത് കൊണ്ട്. (പേജ് 111/2)

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക** **3x5 = 15**

31.**വിവാഹമോചനത്തിന്റെ പ്രധാന തിന്മകൾ**

1. വിവാഹമോചനം സ്നേഹൈക്യത്തെ നശിപ്പിക്കുകയും ദമ്പതികളുടെ സുഗമമായ അഭിവൃദ്ധിക്ക് ആവശ്യമായ പരസ്പരസഹായം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.
2. വിവാഹമോചനം ഏറ്റവും കൂടുതൽ ദോഷം ചെയ്യുന്നത് ആ കുടുംബത്തിലെ മക്കളെയാണ്. പരിഹരിക്കാനാവാത്ത നഷ്ടമാണ് അവർ സഹിക്കേണ്ടിവരുന്നത്.
3. നിലനിൽക്കുന്നതും ഉദാത്തവുമായ സമൂഹത്തിന്, ഉറപ്പുള്ള കുടുംബങ്ങൾ ഏറ്റവും അനിവാര്യമാണ്. അപ്പോൾ മാത്രമേ അടുത്ത തലമുറയുടെ ശിക്ഷണവും അച്ചടക്കവും സാദ്ധ്യമാവുകയുള്ളു.
4. യേശുക്രിസ്തുവിന് സഭയോടുള്ള സനാതനവും അവിഭാജ്യവുമായ ബന്ധമാണ് ക്രൈസ്തവ ദാമ്പത്യത്തിന്റെ അടിസ്ഥാനം. സഭയോടുള്ള യേശുക്രിസ്തുവിന്റെ ബന്ധം അവിഭാജ്യമായ ഐക്യത്തിൽ നിലകൊള്ളുന്നതുപോലെ തന്നെ ദമ്പതികൾ തമ്മിലും ഐക്യത്തിൽ സമന്വയി ച്ച് അവിഭാജ്യമായി നിലകൊള്ളേണ്ടതാകുന്നു. ഇതെല്ലാം ഉൾക്കൊള്ളി ച്ചുകൊണ്ടാണ് ക്രൈസ്തവ വിവാഹത്തെ 'ഒരു വലിയ രഹസ്യം' എന്ന് വി.പൗലോസ് ശ്ലീഹാ വിശേഷിപ്പിക്കുന്നത്. (പാഠം 3 പേജ് 94 പാരഗ്രാഫ് 2/4 പോയിനറുകൾ മുഴുവനും )

*P.T.O.*

32. കപ്പദോക്യൻ പിതാക്കന്മരിൽ മഹാൻ എന്നറിയപ്പെടുന്നത് ബസേലിയോസ് മാത്രമാണ്. സഭാനേതാവ്, ഒരുത്തമസംഘാടകൻ, ക്രി സ്തീയ തത്വസംഹിതയുടെ ഒരുത്തമ വ്യാഖ്യാതാവ്, സത്യവിശ്വാസ സംരക്ഷണത്തിൽ രണ്ടാം അത്താനാസ്യോസ്, പൗരസ്ത്യ സന്യാസ ജീവിതത്തിന്റെ പിതാവ്, ആരാധനക്രമ പരിഷ്കർത്താവ്, എന്നീ നിലകളിൽ സഭയ്ക്ക് ബേസിൽ നൽകിയ സ്തുത്യർഹമായ സംഭാവനകളാണ് മഹാൻ എന്ന സ്ഥാനം അദ്ദേഹത്തിനു നേടിക്കൊടുത്തത്. (പാഠം 2, പേജ് 56, ലാസ്റ്റ് പാരഗ്രാഫ് മുഴുവൻ)

33. **വി. മർക്കോസിന്റെ സുവിശേഷം**

വി. മർക്കോസ് തന്റെ സുവിശേഷം രചിക്കുന്നത് എഡി 70ൽ ആണെന്ന് വിശ്വസിക്കപ്പെടുന്നു. അതിന്റെ വലുപ്പം മറ്റു സുവിശേഷങ്ങളെ അപേക്ഷിച്ച് ചെറുതും എന്നാൽ ആശയം സ്പഷ്ടവുമാണ്. എപ്പോഴും വിഷയങ്ങൾ നേരിട്ട് അവതരിപ്പിക്കുന്ന രീതിയാണ് വി. മർക്കോസ് സ്വീകരിച്ചിരിക്കുന്നത്. കർത്താവായ യേശു തമ്പുരാന്റെ ക്രൂശു മരണവും സഹനവുമാണ് ഈ സുവിശേഷത്തിന്റെ മുഖ്യപ്രമേയം. അതുകൊണ്ടുതന്നെ പീഢാനുഭവ രംഗങ്ങളുടെ വിവരണത്തിനാണ് ഊന്നൽ നൽ കുന്നത്. യഥാർത്ഥ ശിഷ്യൻ യേശുവിന്റെ പാത പിൻതുടരുന്നവനാകണമെന്ന ആശയമാണ് ഇവിടെ പ്രധാനമായും പ്രബോധിപ്പിക്കുന്നത്. (പാഠം 1, പേജ് 14)

**ഗീതം പൂരിപ്പിക്കുക** **1x6 = 6**

34. ദൈവത്തിൻ പുത്രനെ മറിയാ-മുത്ഥാനത്തിൻ
ശേഷം തോട്ടക്കാരൻപോൽ കണ്ടാൾ തോട്ടത്തിൽ
'നീയെന്തിനു കരയുന്നാരെയാരായുന്നു' ?
എന്നതിനെൻ 'നാഥനെയവർകൊ-ണ്ടെങ്ങോ പോയെന്നാൾ'
താനവളെ- 'മറിയാമെ' യെന്നാൾ
ഓടിപ്പോ-യുടനവളറിയിച്ചാൾ
കർത്താവുത്ഥാനം ചെയ്തെ-ന്നാ ശ്ലീ-ഹന്മാരെ. ബാറെക്മോർ

**പ്രാർത്ഥന പൂർത്തിയാക്കുക** **1x10 =10**

35. ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവെ! നിന്റെ ഉണർവ്വിനെ സ്തുതിപ്പാനായിട്ട് പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമെ. മരണമില്ലാത്ത ജീവനുള്ളവനെ! നിന്റെ കരുണയെ വന്ദിപ്പാനായിട്ട് മരണവും ക്ഷയവും ആകുന്ന നിദ്രയിൽ നിന്ന് ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആകകൊണ്ട് നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊന്നിച്ച് വിശുദ്ധിയോടു കൂടി ഇപ്പോഴും എല്ലാക്കാലത്തും എന്നേയ്ക്കും നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

**ഉപന്യസിക്കുക** **1x12 = 12**

36. സൗഭാഗ്യം അനുഭവിക്കുന്ന കുടുംബം, ഒരുമിച്ചു ചെയ്യേണ്ട കാര്യങ്ങൾ, വിവാഹത്തിന്റെ ഗൗരവം, ക്രിസ്തുവും സഭയും തമ്മിലുള്ള അടയാളവും നിഗൂഢമായ ഐക്യവും ( പേജ് 88- 90, പാഠം 3)

അല്ലെങ്കിൽ

പേജ് 102-106 (11 പോയന്റ്സ്)

37. നിസ്സായിലെ മോർ ഗ്രീഗോറിയോസ് (പേജ് 69-73) **1x12 = 12**

അല്ലെങ്കിൽ

സുറിയാനി സഭയുടെ സവിശേഷതകൾ (പേജ് 111 -117)

എപ്പിസ്ക്കോപ്പൽ, പത്രോസിന്റെ പ്രഥമ സ്ഥാനവും പ്രത്യേക നിയോഗവും, സുറിയാനി ഭാഷ, കൗദാശികത, ആദ്ധ്യാത്മീകത, പാർമ്പര്യത്തിന്റെ പ്രാധാന്യം സഭയുടെ സർവ്വലൗകീകത, കിഴക്കിന്റെ പ്രാധാന്യം, നോമ്പും അനുതാപവും